## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ - 3151

24/02/2016 ൽ
മറുപടിയ്ക്ക്

### ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് വഴിനടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ

ചോദ്യം
ശ്രീ.ജെയിംസ് മാത്യു

ഉത്തരം
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷ ങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ ഏതെല്ലാമാണ് ; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശ ങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി അനുവദിച്ചു നൽകിയ തുകയുടേയും അവയുടെ ചെലവിന്റേയും സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br>സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് തുക അനുവദിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് വിനിയോഗം നടത്തുന്നു. അതാതു സാമ്പത്തിക വർഷം പൂർണ്ണമായും വിനിയോഗിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിൽ വിനിയോഗിക്കുന്നുണ്ട്. ഖാദി ഗ്രാമ വ്യവസായ ബോർഡ് ഓരോ വർഷവും ശുപാർശ ചെയ്ത പദ്ധതികൾ ബഡ്ജറ്റ് തുക ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് ബഡ്ജറ്റു കളിലായി ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതാത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും, ചെല | (ബി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ചോദ്യം എ യിലെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | വഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ് ; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൌണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര ; | | 2013-14 വർഷത്തിൽ പീഡിതവും പ്രവർത്തന രഹിതവുമായ ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടേയും ചാരിറ്റബിൾ സ്ഥാപനങ്ങളുടേയും പുനരുദ്ധാരണം എന്ന പദ്ധതിയ്ക്ക് അനുവദിച്ച 25 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. പ്രവർത്തനം മന്ദീഭവിച്ച് ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഗ്രാന്റ് നൽകുന്നതിന് അനുവദിച്ചതാണ് ടി തുക. ഇപ്രകാരം 2 ലക്ഷം രൂപ വരെ ഒരു സംഘത്തിന് പരമാവധി ഗ്രാന്റ് ലഭിക്കും. എന്നാൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഗ്രാന്റായി നൽകുന്ന തുകയുടെ 50% ന് തുല്യമായ തുക പ്രസ്തുത സംഘം ബാങ്കിൽ നിന്ന് വായ്പ എടുത്തിരിക്കണം എന്ന ഒരു നിബന്ധനയുണ്ട്. എന്നാൽ പ്രവർത്തനം മന്ദീഭവിച്ച സഹകരണ സംഘങ്ങൾക്ക് ബാങ്കുകൾ വായ്പ നൽകാൻ തയ്യാറാകാത്തതിനാലാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ടി 25 ലക്ഷം രൂപ വിനിയോഗിച്ച് ഗ്രാന്റ് വിതരണം ചെയ്യാൻ കഴിയാഞ്ഞത്. ഇപ്പോൾ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തിയ സാഹചര്യത്തിൽ ഗ്രാന്റ് വിതരണം ആരംഭിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയിൽ ഇതൊഴികെ എല്ലാ തുകയും പിൻവലിച്ചു. ട്രഷറിയിൽ തുക ബാക്കി നില്പില്ല. |
| (സി) | ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു വിശദമാക്കാമോ ? | (സി) | റീ-അപ്രോപ്രിയേഷൻ മുഖേന 2012-13 വർഷത്തിൽ ഖാദി മേഖലയുടെ ആധുനിക വല്ക്കരണത്തിനായി 96 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ആധുനികവൽക്കരണത്തിനായി ചെല |

വഴിച്ചു. ബോർഡിന് അനുവദിച്ച തുക റീ-അപ്രോപ്രിയേഷനിലൂടെ വകമാറ്റി ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

കഴിഞ്ഞ 5 വർഷത്തെ (2011-2012 മുതൽ 2015-2016 വരെ) പദ്ധതിയിനത്തിൽ ബഡ്ജറ്റ് വകയിരുത്തലും ചെലവും
(ഹെഡ് 2851-00-105-99 മുതൽ 83 വരെ (36) പ്ലാൻ.

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | പദ്ധതിയുടെ പേര് | 2011-12 | | 2012-13 | | 2013-14 | | 2014-15 | | 2015-16 (2016 ജനവരി 31 വരെ) | |
|---|---|---|---|---|---|---|---|---|---|---|---|
| | | ലഭിച്ചത് | ചെലവ് | ലഭിച്ചത് | ചെലവ് | ലഭിച്ചത് | ചെലവ് | ലഭിച്ചത് | ചെലവ് | ലഭിച്ചത് | ചെലവ് |
| 1 | ഖാദി ഉൽപാദന കേന്ദ്രങ്ങൾക്കുള്ള വർക്ക് ഷെഡ് നിർമ്മിക്കൽ | 75.00 | 75.00 | 50.00 | 50.00 | - | -- | -- | -- | - | -- |
| 2 | ഖാദി ഉൽപാദന കേന്ദ്ര ങ്ങളുടെ പുന:രുദ്ധാരണം | 90.00 | 90.00 | 44.00 | 44.00 | - | -- | -- | -- | - | -- |
| 3 | നെയ്ത്ത് മേഖല ശക്തിപ്പെടുത്തൽ | 273.00 | 273.00 | 280.00 | 280.00 | - | -- | -- | -- | - | -- |
| 4 | ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം. | 25.00 | 25.00 | 10.00 | 10.00 | - | -- | -- | -- | - | -- |
| 5 | ഖാദി സഹകരണ സംഘങ്ങളുടെ പുന: രുദ്ധാരണം. | 25.00 | 25.00 | 6.00 | 6.00 | -- | -- | -- | -- | - | -- |
| 6 | ഖാദി കൈത്തൊഴിൽ കാർക്ക് ആധുനിക സൌകര്യങ്ങൾ നൽകൽ | 10.00 | 10.00 | 5.00 | 5.00 | - | -- | -- | -- | - | -- |
| 7 | പയ്യന്നൂരിൽ ഗോൾഡൻ ജൂബിലി ബിൽഡിംഗ് സ്ഥാപിക്കൽ | 50.00 | 50.00 | 0.00 | 0.00 | - | -- | -- | -- | - | -- |
| 8 | സെറിഫെഡിന്റെ സിൽക്ക് റീലിംഗ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി ലഭിച്ചത് | 50.00 | 50.00 | 0.00 | 0.00 | - | - | -- | -- | - | -- |
| 9 | പരമ്പരാഗത കളിമൺ പാത്ര ഉല്പാദക വില്പന യൂണിറ്റുകൾക്കുള്ള ധനസഹായം | 50.00 | 50.00 | 0.00 | 0.00 | - | - | -- | -- | - | -- |
| 10 | ഖാദി ക്ലസ്റ്ററുകൾ സ്ഥാപിക്കൽ | - | - | 149.00 | 149.00 | 250.00 | 250.00 | -- | -- | | |
| | **നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ** | | | | | | | | | | |
| ക 11 | കണ്ണൂർ ജില്ലയിലെ ഏറ്റുകുട്ടുക്കയിൽ സ്ലൈവർ പ്രോജക്റ്റിന്റെ ആധുനികവത്കരണവും നവീകരണവും | 100.00 | 100.00 | 240.00 | 240.00 | 20.00 | 20.00 | 25.00 | 25.00 | 75.00 | 75.00 |
| 12 | വാർത്താ വിതരണവും പ്രചരണവും പരിശീലനവും | 5.00 | 5.00 | 25.00 | 25.00 | 35.00 | 35.00 | 22.50 | 22.50 | 20.00 | 20.00 |
| 13 | ഖാദി ബോർഡിന്റെ കമ്പ്യൂട്ടർ വൽക്കരണം | 10.00 | 10.00 | 10.00 | 10.00 | 10.00 | 10.00 | 10.00 | 10.00 | -- | -- |

| | | 2011-12 | | 2012-13 | | 2013-14 | | 2014-15 | | 2015-16 | |
|---|---|---|---|---|---|---|---|---|---|---|---|
| 4 | തേനീച്ച വ്യവസായത്തിന്റെ വികസനം | 10.00 | 10.00 | 6.00 | 6.00 | 5.00 | 5.00 | -- | -- | 6.00 | 6.00 |
| 5 | ഖാദി ബോർഡ് സംഭരണ ശാലകളുടെ ആധുനികവൽക്കരണവും നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണവും നവീകരണവും പുതിയവ സ്ഥാപിക്കലും. | 50.00 | 50.00 | 65.00 | 65.00 | 70.00 | 70.00 | -- | -- | 25.00 | 25.00 |
| 5 | പ്രത്യേക തൊഴിൽ ദാന പദ്ധതി | 110.00 | 110.00 | 200.00 | 200.00 | 250.00 | 250.00 | 112.50 | 112.50 | 337.50 | 337.50 |
| 7 | പീഡിതവും പ്രവർത്തന രഹിതവുമായ ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടേയുംചാരിറ്റബിൾ സ്ഥാപനങ്ങളുടേയും പുനരുദ്ധാരണം. | - | - | 20.00 | 20.00 | 25.00 | 0.00 | -- | -- | -- | -- |
| 3 | ഖാദി ഗ്രാമ വ്യവസായ പാർക്ക് സ്ഥാപിക്കൽ | - | - | 50.00 | 50.00 | 50.00 | 50.00 | -- | -- | -- | -- |
| ) | ഖാദി മേഖലയിലെ ആധുനികവൽക്കരണം** | - | - | 96.00 | 96.00 | 1209.00 | 1209.00 | -- | -- | -- | -- |
| ) | ഖാദി നെയ്ത്തുകാർക്കും നൂൽ നൂൽപ്പ് കാർക്കും ഉല്പാദന ഇൻസെന്റീവ് /ഉൽസവകാല ഇൻസെന്റീവ് നൽകൽ | - | - | - | - | 125.00 | 125.00 | 151.60 | 151.60 | 400.00 | 400.00 |
| | വകപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും | 25.00 | 25.00 | 25.00 | 25.00 | 20.00 | 20.00 | 20.00 | 20.00 | -- | -- |
| | വകപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ ശാക്തീകരണവും സ്ഥാപിക്കലും. | - | - | - | - | 405.00 | 405.00 | -- | -- | -- | -- |
| | ഖാദി സഹകരണ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം. | - | - | - | - | 16.00 | 16.00 | -- | -- | 10.00 | 10.00 |
| | വേതന പൂരക പദ്ധതി പ്രകാരം ലഭിച്ചത്. | 1400.00 | 1400.00 | 2000.00 | 2000.00 | 1800.00 | 1800.00 | 2200.00 | 2200.00 | 1350.00 | 1350.00 |
| | **ആകെ** | **2358.00** | **2358.00** | **3281.00** | **3281.00** | **4290.00** | **4265.00** | **2541.60** | **2541.60** | **2223.50** | **2223.50** |

** 2012-13 ൽ റീ അപ്രോപ്രിയേഷൻ പ്രകാരം അനുവദിച്ചത്, 2013-14 ൽ SDG പ്രകാരം ലഭിച്ചത്.)